Deepika 03-09-18, P-9

# കാർഷികമേഖലയിൽ ഇനി വറുതിയുടെ കാലം

## വിപണി വിശേഷം

കെ.ബി. ഉദയഭാനു

കാർഷികകേരളം പ്രളയം സൃഷ്ടിച്ച ഞെട്ടലിൽനിന്ന് ഇനിയും മുക്തമായിട്ടില്ല. പ്രളയക്കുത്തൊഴുക്കിൽ സുഗന്ധവ്യഞ്ജന വിളകൾ ഒലിച്ചുപോയതിന്റെ ആഘാതം വിട്ടുമാറാതെ ഉത്പാദകമേഖല സ്തംഭിച്ചിരിക്കുകയാണ്. കുരുമുളകും, ഏലക്കയുമെല്ലാം വീണ്ടും നട്ടുപിടിപ്പിക്കേണ്ട അവസ്ഥയിലാണ് പലരും. ഉത്പാദനക്ഷമതയും രോഗപ്രതിരോധശേഷിയും കൂടുതലുള്ള ഇനം ചെടികൾ സൗജന്യമായി കർഷകർക്ക് വിതരണം നടത്താൻ സംസ്ഥാനസർക്കാർ തയാറായാൽ മാത്രമേ വീണ്ടുമൊരു അങ്കത്തിന് അവർക്ക് ഊർജം ലഭിക്കൂ. കൃഷി രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നെടുംതൂണായതിനാൽ ഇക്കാര്യത്തിൽ കേന്ദ്രത്തിനും ഏറെ പ്രവൃത്തിക്കാനുണ്ട്.

### കുരുമുളക്

സംസ്ഥാനത്ത് സുഗന്ധവ്യഞ്ജനങ്ങളുടെ ഉത്പാദനം അടുത്ത സീസണിൽ കുറയുമെന്നകാര്യം വ്യക്തമാണ്. ഇടുക്കി, വയനാട്, പത്തനംതിട്ട ഭാഗങ്ങളിലെ ഒട്ടുമിക്ക തോട്ടങ്ങളിലും വൻ കൃഷിനാശമുണ്ടായി. മഴയിൽ ഒട്ടുമിക്ക തോട്ടങ്ങളിലും കുരുമുളകു തിരികൾ അടർന്നുവീണു. വൻ ജലപ്രവാഹത്തിനിടെ പല തോട്ടങ്ങളിലെയും കുരുമുളകുചെടികൾതന്നെ ഒലിച്ചുപോയി.

വീടുകളിൽ സൂക്ഷിച്ചിരുന്ന ഉത്പന്നങ്ങളും പ്രളയജലത്തിൽ ഒഴുകിപ്പോയത് കർഷകകുടുംബങ്ങളുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചു. ഒരു മണി മുളകുപോലും മിച്ചമില്ലാത്ത കർഷകരുണ്ട്. ഓഫ് സീസണിലെ ഉയർന്ന വില സപ്നം കണ്ട് കരുതൽശേഖരത്തിൽ സൂക്ഷിച്ച മുളക് നഷ്ടപ്പെട്ടവരാണ് പലരും.

വൻകിട ഗോഡൗണുകളിൽ സൂക്ഷിച്ച 1500ൽപരം ടൺ കുരുമുളകിൽ വെള്ളം കയറി. ഇത് ഉത്പന്നത്തിന്റെ ഗുണനിലവാരത്തെ ബാധിച്ചു. ആലുവ, കൊടുങ്ങല്ലൂർ പ്രദേശങ്ങളിൽ സൂക്ഷിച്ച ചരക്ക് ഇപ്പോൾ കൊപ്രക്കളങ്ങളിൽ എത്തിച്ച് ഉണക്കിയെടുക്കാനുള്ള ശ്രമത്തിലാണ്. നാഫെഡ് ശേഖരിച്ച ചരക്കും ഇത്തരത്തിൽ വെള്ളം കയറിയ കൂട്ടത്തിൽപ്പെട്ടതായി സൂചനയുണ്ട്. ഈ ചരക്ക് വിൽപ്പനയ്ക്കിറക്കാനുള്ള നീക്കത്തിലാണവർ. കുരുമുളക് ഉണക്കിയാലും പ്രളയജലത്തിലെ ചെളി കുരുമുളകിൽ പറ്റിപ്പിടിച്ചിരിക്കുന്നത് ആശങ്ക ഉളവാക്കുന്നു. കോടിക്കണക്കിന് രൂപ വിലമതിക്കുന്ന ചരക്കാണ് വിവിധ ഗോഡൗണുകളിലുള്ളത്.

ഉത്പാദകമേഖലകളിൽനിന്ന് വിപണിയിലേക്കുള്ള മുളകുവരവ് ചുരുങ്ങിയത് നിരക്ക് ഉയർത്തി. മാസമധ്യം 35,000 രൂപയിൽ നീങ്ങിയ അൺ ഗാർബിൾഡ് കുരുമുളക് ഇപ്പോൾ 39,000 രൂപയിലാണ്. മുളകുവരവ് നിലച്ചതുകണ്ട് ഇറക്കുമതി ലോബി വിപണിനിയന്ത്രണം കൈപ്പിടിയിലാക്കി. കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി നടത്തിയ വിദേശ മുളക് അവർ വൻ ലാഭത്തിലാണ് ഇപ്പോൾ വിറ്റുമാറുന്നത്. അന്താരാഷ്ട്ര വിപണിയിൽ വിയറ്റ്നാം 2500 ഡോളറിനും ബ്രസീൽ 2600 ഡോളറിലും ചരക്ക് വാഗ്ദാനം ചെയ്തു. ഇന്ത്യൻ കുരുമുളക് വില ടണ്ണിന് 6000 ഡോളറാണ്.

### ഏലം

മഴയും മണ്ണിടിച്ചിലും ഏലത്തോട്ടങ്ങളിൽ വൻ നാശം വരുത്തി. ഹൈറേഞ്ചിലെ ഒട്ടുമിക്ക ഏലത്തോട്ടങ്ങളിലും വ്യാപകമായ കൃഷിനാശം സംഭവിച്ചു. ലഭ്യത കുറയുമെന്നു വ്യക്തമായതോടെ ലേലത്തിനെത്തുന്ന ചരക്ക് പൂർണമായിത്തന്നെ ഇടപാടുകാർ വാങ്ങിക്കൂട്ടി. മികച്ചയിനം ഏലക്ക വില കിലോ 1600 രൂപയിലെത്തി. കയറ്റുമതിക്കാരും ആഭ്യന്തര വ്യാപാരികളും രംഗത്തുണ്ട്. ഏലക്ക ഉത്പാദനം 50 മുതൽ 65 ശതമാനം വരെ ഇടിയുമെന്ന സൂചനയാണ് ഉത്പാദകമേഖലകളിൽനിന്നു ലഭിക്കുന്നത്.

ഇന്ത്യൻ ഏലത്തിനുള്ള വിദേശ ഡിമാൻഡ് കണക്കിലെടുത്താൽ വരുംദിനങ്ങളിൽ നിരക്ക് കൂടുതൽ ആകർഷകമാകാം. ഇതിനിടെ കീടനാശിനി കലർന്ന ഏലക്ക ഇറക്കുമതിക്ക് സൗദി അറേബ്യ നിരോധനം ഏർപ്പെടുത്തി. മഴ മൂലം മൂന്നു മാസമായി വിളവെടുപ്പ് മുടങ്ങിയതിനാൽ ഉത്പാദകമേഖലകളിൽ കാര്യമായി ചരക്കില്ല. ഉത്തരേന്ത്യയിൽ ഉത്സവ സീസൺ അടുത്തത് ഏലത്തിന് ഡിമാൻഡ് ഉയർത്തും. ദീപാവലി ഡിമാൻഡ് ഉത്പന്നത്തിനു കൂടുതൽ മികവ് പകരാം.

### ചുക്ക്

ചുക്ക് വ്യാപാരരംഗം സജീവമായി. പല ഭാഗങ്ങളിലും ഇഞ്ചികൃഷിക്കു നേരിട്ട തിരിച്ചടി അടുത്ത സീസണിൽ ചുക്കുക്ഷാമത്തിന് ഇടയാക്കും. ചുക്കുക്ഷാമത്തിനുള്ള സാധ്യതകൾക്കു ശക്തിയേറിയതോടെ ചുരുങ്ങിയ ദിവസങ്ങൾക്കിടെ വിവിധയിനം ചുക്കിന് 3,000 രൂപ ഉയർന്നു. അറബ് രാജ്യങ്ങളിൽനിന്നും യൂറോപ്പിൽനിന്നും ചുക്കിന് അന്വേഷണങ്ങളുണ്ട്. ഉത്തരേന്ത്യയിൽ ശൈത്യം തുടങ്ങും മുമ്പ് ചരക്ക് സംഭരിക്കാനുള്ള നീക്കങ്ങൾ വിപണിയുടെ അടിയൊഴുക്ക് ശക്തമാക്കാം. ഇതിനിടെ ചൈനയിൽനിന്നും നൈജീരിയയിൽനിന്നും ചുക്ക് ഇറക്കുമതിക്ക് നീക്കം നടന്നാൽ ആഭ്യന്തരവില ഉത്പാദകരുടെ പ്രതീക്ഷയ്ക്കൊത്ത് മുന്നേറാൻ ക്ലേശിക്കും. കൊച്ചിയിൽ വിവിധയിനം ചുക്ക് 17,500-18,500 രൂപയിലാണ്.

### ജാതിക്ക

ഉത്പാദകമേഖലകളിലെ ചെറുകിട വിപണികളിൽ സൂക്ഷിച്ച ജാതിക്ക, ജാതിപത്രി എന്നിവ ഒഴുകിപ്പോയി. പലരുടെയും ചരക്കിനു കേടു സംഭവിച്ചു. ജാതിക്ക തൊണ്ടൻ സ്റ്റോക്കുള്ളവർക്ക് ചരക്ക് സംസ്കരിച്ച് എടുക്കാനാവും. വിപണിയുടെ ചലനങ്ങൾ വിലയിരുത്തിയാൽ നിരക്കു മുന്നേറാം. ജാതിക്ക തൊണ്ടൻ കിലോ 180-200 രൂപയിലും തൊണ്ടില്ലാത്ത് 350-385 രൂപയിലും ജാതിപത്രി 475-650 രൂപയിലുമാണ്. ഇറക്കുമതിക്കുള്ള സാധ്യതകളെ ഒരു വിഭാഗം ഉറ്റുനോക്കുന്നുണ്ട്.

**പ്രളയത്തിൽ സുഗന്ധവ്യഞ്ജനങ്ങൾക്കു നേരിട്ട വിളനാശത്തെക്കുറിച്ച് വ്യക്തമായ കണക്കെടുപ്പ് ഇനിയും നടത്താനായിട്ടില്ല. ഉരുൾ പൊട്ടലും മണ്ണിടിച്ചിലും മൂലം പല ഭാഗങ്ങളിലും കർഷകർക്ക് അവരുടെ തോട്ടങ്ങളിലേക്കു പ്രവേശിക്കാനാവാത്ത അവസ്ഥയാണ്. ചില മേഖലകളിൽ തോട്ടങ്ങൾ പാടേ ഒലിച്ചുപോയി. പ്രാഥമിക കണക്കുകൾ വിലയിരുത്തിയാൽ കാർഷികമേഖലയുടെ നഷ്ടം 1,500 കോടി രൂപയ്ക്കു മുകളിലാവും.**

### റബർ

മഴ കഴിഞ്ഞതോടെ ഒട്ടുമിക്ക ഭാഗങ്ങളിലും റബർമരങ്ങളിൽ ഇലപൊഴിച്ചിൽ തുടങ്ങി. അപ്രതീക്ഷിതമായി സംഭവിച്ച ഈ പ്രതിഭാസം ടാപ്പിംഗിനു തടസമായി. വിലയിടിവു മൂലം ഒട്ടുമിക്ക തോട്ടങ്ങളിൽനിന്നും ഉത്പാദകർ വിട്ടുനിൽക്കുകയായിരുന്നു. പുതിയ സാഹചര്യത്തിൽ റബർ ഉത്പാദനത്തിൽ വൻ ഇടിവിനു സാധ്യതയുണ്ട്. ഏപ്രിൽ-ഓഗസ്റ്റ് റബർ ഉത്പാദനം കുറഞ്ഞതു കണക്കിലെടുത്താൽ ടയർ വ്യവസായികൾ ഡിസംബർ വരെ വിദേശ റബർ ഇറക്കുമതി ത്തോത് ഉയർത്താനിടയുണ്ട്. വ്യവസായികളുടെ നീക്കത്തിന് കേന്ദ്രം പച്ചക്കൊടി കാണിക്കുമെന്ന വിശ്വാസത്തിലാണ് ടയർ ലോബി. നാലാം ഗ്രേഡ് റബർ ക്വിന്റലിന് 13,450 രൂപയിലും അഞ്ചാം ഗ്രേഡ് 13,300 രൂപയിലുമാണ്.

### നാളികേരം

ഓണാഘോഷങ്ങൾക്കു നിറം മങ്ങിയത് നാളികേരോത്പന്നങ്ങൾക്കു തിരിച്ചടിയായി. വെളിച്ചെണ്ണ വില്പന കുറഞ്ഞതുമൂലം കാങ്കയത്തെ വൻകിട മില്ലുകൾ സ്റ്റോക്ക് വിറ്റഴിക്കാനുള്ള തിരക്കിട്ട നീക്കത്തിലാണ്. ഓണവില്പന കണക്കുകൂട്ടലുകൾ തെറ്റിച്ചെങ്കിലും മാസാരംഭമായതിനാൽ ഈ വാരം എണ്ണ മികവിനു ശ്രമം നടത്താം. കാങ്കയത്ത് വെളിച്ചെണ്ണ 15,175 രൂപയിലാണ്. കൊച്ചിയിൽ എണ്ണ 16,400 രൂപയിലും കൊപ്ര 10,935 രൂപയിലും ക്ലോസിംഗ് നടന്നു.

### സ്വർണം

രൂപയുടെ മൂല്യത്തകർച്ച സ്വർണ ഇറക്കുമതിച്ചെലവ് ഉയർത്തി. 22,080 രൂപയിൽ വിപണനം തുടങ്ങിയ പവൻ 22,600 വരെ ഉയർന്നു. ശനിയാഴ്ച പവൻ 22,520 രൂപയിൽ വിപണനം നടന്നു. ഒരു ഗ്രാമിന് 2815 രൂപ. ന്യൂയോർക്കിൽ ട്രോയ് ഔൺസ് സ്വർണം 1200 ഡോളർ.

